**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3174** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നത് പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് സമാനമായാണ്. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങളും സൗകര്യങ്ങളും നൽകുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങളും സൗകര്യങ്ങളും നൽകുന്നതിന് നിരവധി പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയെപ്പറ്റി അറിവു നൽകുന്നതിനും വിവിധ കോഴ്സുകളെയും തൊഴിലവസരങ്ങളെയും കുറിച്ച് മനസിലാക്കുന്നതിനും 10, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി എല്ലാ തീരദേശ ജില്ലകളിലും കരിയർ ഗൈഡൻസ് സംഘടിപ്പിച്ചു വരുന്നു. അച്ഛനമ്മമാർ നഷ്ടപ്പെട്ട കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിട്ട് ദത്തെടുക്കൽ പദ്ധതിയിലൂടെ ഒരു കുട്ടിക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നുണ്ട്. മെഡിക്കൽ, എഞ്ചിനീയറിംഗ് രംഗത്തേക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ എത്തിക്കുന്നതിലേക്കായി 'വിദ്യാതീരം' പദ്ധതിയിലുൾപ്പെടുത്തി സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലനം, എൻ.ഐ.ടി/ഐ.ഐ.ടി എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് കോച്ചിംഗ് എന്നിവ നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന തിലേക്കായി ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിൽ പഠനത്തിനായി 20% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു പോസ്റ്റ് മെട്രിക് കോഴ്സുകളിൽ (പ്രൊഫഷണൽ/നോൺ പ്രൊഫഷണൽ) പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ |

| | | | |
|---|---|---|---|
| | | | ഫീ, എക്സാം ഫീ, സ്പെഷ്യൽ ഫീ, ഹോസ്റ്റൽ ഫീ, സ്റ്റൈപന്റ് തുടങ്ങിയവ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ